പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

08.06.2015 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 71

## കാഴ്ച വൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ശാസ്ത്ര സാങ്കേതിക വകുപ്പ് കാഴ്ച വൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി മിഷൻ 676 ൽ ഉൾപ്പെടുത്തി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)എന്തെല്ലാം പദ്ധതികളാണ് ഇതിനായി മിഷൻ 676 ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ; | (ബി) കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന ഒരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ഫറൂക്ക് കോളേജിൽ കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി ഒരു ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ കാഴ്ച വൈകല്യമുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഗവേഷണ പദ്ധതികളും ഉദ്ദേശിക്കുന്നു. |
| (സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഒരു ദേശീയ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) പ്രസ്തുത ദേശീയ ഉപദേശക സമിതി കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ പ്രവർത്തനത്തിനു വേണ്ട രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ